കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എറിയാട് ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)26/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി: 25.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എറിയാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-6, 3-8, 3-17 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി3)26/2019 തിയ്യതി : 25.03.2019

# തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.3.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.2018 മുതൽ 22.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷീന കെ.ടി | ഓഡിറ്റ് ഓഫീസർ |
| | സിനിലാൽ എം.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | സോന.കെ.സത്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീമതിപ്രസാദിനിമോഹൻ | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | കാലയളവ് |
|---|---|---|
| 1 | ബാലൻ കെ.കെ, സെക്രട്ടറി | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | താജു. പി.എ, അസിസ്റ്റൻറ് സെക്രട്ടറി | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | മുരളി വി.പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലൈറ്റ് ഹൌസ് സർക്കിൾ | 01-04.2017 മുതൽ 03.07.2017 വരെ |
| | സുജാത, , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലൈറ്റ് ഹൌസ് സർക്കിൾ | 04.07.2017 മുതൽ 31.03.2018 വരെ |
| 4 | മുരളി വി.പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 01-04.2017 മുതൽ 03.07.2017 വരെ |
| | ഹന പി.എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 04.07.2017 മുതൽ 31.03.2018 വരെ |
| 5 | ഗുരുപ്രസാദ് ഇ.എം , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാടവന സർക്കിൾ | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | അസിസ്റ്റൻറ് എൻജിനീയർ ,ശ്രീദേവി .എ.ആർ | 01.04.2017 മുതൽ 28.09.2017 വരെ |
| | ശ്രീ സി.എസ് പ്രകാശൻ, അസിസ്റ്റൻറ് എൻജിനീയർ (ഫുൾ അഡീഷണൽ ചാർജ്) | 29.09.2017 മുതൽ 06.10.2017 വരെ |
| | അസിസ്റ്റൻറ് എൻജിനീയർ , യമുന പി.ആർ | 07.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| 7 | മെഡിക്കൽ ഓഫീസർ, ആയുർവേദ, Dr.കെ.വി വിജയ | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി Dr.വി ജയാനന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ, ഹോമിയോ , Dr.സുജാത | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | വെറ്റിനറി സർജൻ, Dr.സാബു. കെ.എ | 01.04.2017 മുതൽ 06.06.2017 വരെ |
| | വെറ്റിനറി സർജൻ, Dr. പ്രീത എൻ.ആർ | 06.06.2017 മുതൽ 31.03.2018 വരെ |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ , കവിത .എ | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | ഐ.സി.ഡി.എസ് സൂപ്പർവൈസർ, യമുന എം.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 13 | അഗ്രികൾച്ചർ ഓഫീസർ, ശശിമേനോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 14 | ഹെഡ്മിസ്ട്രസ് , മിനി ഇ.ടി | 01.04.2017 മുതൽ 03.05.2017 വരെ |
| | ഹെഡ്മിസ്ട്രസ് , ഗീത ഇ.കെ | 04.05.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | പഞ്ചായത്ത് ഫണ്ടിലുൾപ്പെടുത്താതെ ജനകീയ സമിതി മുഖേന സംഭാവന പിരിച്ചു | 2-1 |
| 14 | കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-2 |
| 15 | ക്യാൻസൽഡ് സാംഖ്യ രസീതികൾ ലഭ്യമാകുന്നില്ല | 2-3 |
| 16 | ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ | 2-4 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 2-5 |
| 18 | കെട്ടിടത്തിന്റെ ക്രമൽക്കരണം - ചട്ടപ്രകാരം നടപടി സ്വീകരിച്ചില്ല | 2-6 |
| 19 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉറപ്പാക്കിയില്ല | 2-7 |
| | ഭാഗം-3 | |
| 20 | അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കണം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 3-1 |
| 21 | നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ - അധിക തുക നൽകി | 3-2 |
| 22 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - | 3-3 |

| | | |
|---|---|---|
| | ഗുണഭോക്തൃവിഹിതം പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല. | |
| 23 | കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തീകരണത്തിന് മുന്പ് ഗുണഭോക്താക്കൾ വിട്ടുപോയി. | 3-4 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഇല്ല | 3-5 |
| 25 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 3-6 |
| 26 | അങ്കണവാടി കെട്ടിട നിർമ്മാണം-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 3-7 |
| 27 | അംഗൻവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- ഗുണനിലവാരമില്ലാത്ത കസേര വാങ്ങി നൽകി | 3-8 |
| 28 | വിധവാ വിവാഹധനസഹായം- അപേക്ഷ ലഭിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല. | 3-9 |
| 29 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയ മരുന്നിന് ഹാന്റ്ലിംഗ് ചാർജ് ഈടാക്കുന്നു | 3-10 |
| 30 | കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല | 3-11 |
| 31 | ആശുപത്രി ഉപകരണങ്ങൾ നേരിട്ട് സിഡ്കോയിൽ നിന്നും വാങ്ങി | 3-12 |
| 32 | പ്രിന്റിംഗ് ജോലികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 3-13 |
| 33 | ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ - ഉപകരണങ്ങൾ ഉപയോഗിച്ചിട്ടില്ല | 3-14 |
| 34 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല | 3-15 |
| 35 | ഓരുവെള്ളം കയറുന്നത് തടയാൻ ശാസ്ത്രീയമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആവർത്തന ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. | 3-16 |
| 36 | എസ്.എസ്.എ.വിഹിതം അധികം അടവാക്കിയത് സംബന്ധിച്ച് | 3-17 |
| 37 | തുല്യതാ പഠനം മുഴുവൻ ഗുണഭോക്താക്കളുടേയും സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കണം. | 3-18 |
| ഭാഗം-4 | | |
| 38 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – അനുബന്ധം-1 | |
| 49 | ഓഡിറ്റ് സംക്ഷിപ്തം – അനുബന്ധം-2 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21/03/2017തീയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ച. 286300991.75 രൂപ പ്രതീക്ഷിത വരവും 284650991.75 രൂപ പ്രതീക്ഷിത ചെലവും ബജറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 22.05.18 | - | 31.05.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 17-18 | 25.06.18 & 26.06.18 | കെ.എസ്.എ.ടി.എസ്.ആർ. ഇ3-1150/18(17) തീ.13.07.18/31.08.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27283000 |

| | |
|---|---|
| വരവ് | 81705849 |
| ആകെ | 108988849 |
| ചെലവ് | 88659770 |
| നീക്കിയിരിപ്പ് | 20329079 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 24356000 | 24356000 | 15758670 | 8597330 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5791461 | 5791461 | 4773895 | 1017566 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 10996 | 10996 | 3125 | 7871 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 15773000 | 15773000 | 12080431 | 3692569 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5434000 | 5434000 | 3924077 | 1509923 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11439118 | 11439118 | 5322402 | 6116716 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1933604 | 1933604 | 1774561 | 159043 |
| സാക്ഷരത | | 192967 | 4699 | 197666 | 46652 | 151014 |
| ദുരിതാശ്വാസനിധി | | 7674 | 1124 | 8798 | 0 | 8798 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18456769 | 18456769 | 18456769 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 806 | 751243 | 752049 | 751223 | 826 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 0 | 193000 | 193000 | 193000 | 0 |
| ICDS | | 1292090 | 1896889 | 3188979 | 1430395 | 1758584 |
| NABARD | | 0 | 688000 | 688000 | 688000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| MLA LADF | | 0 | 560000 | 560000 | 560000 | 0 |
| KERALOLSAVAM | | 0 | 20000 | 20000 | 20000 | 0 |
| MN LAKSHAM VEEDU | | 1207879 | 44991 | 1252870 | 0 | 1252870 |
| VIMUKTHI | | 25000 | 12500 | 37500 | 9050 | 28450 |
| BIODIVERSITY | | 0 | 160000 | 160000 | 0 | 160000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 950000 | 950000 | 802400 | 147600 |
| | ജില്ലാ പഞ്ചായത്ത് | 0 | 1250000 | 1250000 | 1136197 | 113803 |
| ബി ഫണ്ട് | | 0 | 66018520 | 66018520 | 66018520 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്TDCB | 18936967 | 13133278 | 32070245 | 13249480 | 18820765 |
| | ബാങ്ക് അക്കൗണ്ട് E PAYMENT | 2832 | 31250 | 34082 | 0 | 34082 |
| | ജനറൽ പർപ്പസ് | 6816188 | 16316000 | 23132188 | 22837647 | 294547 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 107248919 | 150 | 56034789 | 82 | 18 | 52.55 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 806 | 751243 | 752049 | 751223 | 826 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 18456769 | 18456769 | 18456769 | - |

## 1-8 ക്ഷേമ പദ്ധതികൾ.

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 164520 | 172 |
| കർഷകതൊഴിലാളി പെൻഷൻ | 4984400 | 409 |
| വിധവ പെൻഷൻ | 23196300 | 1992 |
| വാർദ്ധക്യകാല പെൻഷൻ | 29949100 | 2374 |
| വികലാംഗപെൻഷൻ | 6665500 | 542 |
| അവിവാഹിത പെൻഷൻ | 638700 | |
| വിവാഹ ധനസഹായം | 420000 | |
| ആകെ | 66018520 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.18 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15283 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ പ്രൊക്യർമെന്റ് കമ്മിറ്റിയുടെ യോഗം കൂടുന്നുണ്ട്. എങ്കിലും വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്യർമെന്റ് കമ്മിറ്റി ഉറപ്പ് വരുത്തുന്നതായി തോന്നുന്നില്ല. പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി മോണിറ്ററിംഗ് എന്നിവയുടെ കാര്യക്ഷമത ഉറപ്പുവരുത്താവുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ഇവ ശരിയായ രീതിയിൽ പ്രവർത്തിച്ചു എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നവംബർ 2018 | 06/12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 07.09.2016 മുതൽ 30.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 07.11.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)).
2. വാർഷിക കണക്ക് I-18 പട്ടിക പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 2,71,055/- രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 15,04,411/- രൂപയും കൂടി ആകെ 17,75,466/- രൂപയുടെ വസ്തുനികുതി പ്രയർ പിരീഡ് ഐറ്റം ഇനത്തിൽ ഉൾപ്പെടുത്തി ക്രമീകരിച്ചതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ മുഴുവനായും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ടി.ഡി.സി.ബി. അക്കൗണ്ടിൽ 05.3.11 മുതൽ 05.03.16 വരെ കാലയളവിൽ ഇഷ്യു ചെയ്തിട്ടുള്ള 9

ചെക്കുകൾ പ്രകാരമുള്ള 6,880/- രൂപ നാളിതുവരെ പണമാക്കിയിട്ടില്ല. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

6. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2)(ഇ), (ജി)).

7. വാർഷിക കണക്ക് I-17(a) പട്ടിക പ്രകാരം 34,87,858/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A മാതൃകയിലുള്ള കാഷ് ബുക്കിൽ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ രേഖപ്പെടുത്തുന്നില്ല. ഉദാ. അസിസ്റ്റന്റ് എഞ്ചിനീയർ

9. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior Period item”എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2018-ലെ ബാക്കി |
|---|---|
| 280100101- Prior period income-Property tax on residential buildings | 2,71,055 |
| 280100102- Prior period income-Profession tax – institutions/professionals/traders | (30490) |
| 280100104- Prior period income-Property tax on non residential buildings | 1504411 |
| 280200401 – Prior period income-other incomes | (167657) |
| 280200402 – Prior period income-Recovery of unutilised grants | (363291) |
| Total | 12,14,028 |

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

11. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം

ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

12. വാർഷിക കണക്ക് ബി-14 പട്ടിക പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് ഇല്ലായെന്ന കണ്ടു. അതേസമയം സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇലക്ട്രിക്കൽ ഗുഡ്സ് ഇനത്തിൽ 2,02,461/- രൂപയുടെ ഉപകരണങ്ങൾ നീക്കിയിരുപ്പ് ഉള്ളതായും മറ്റിനങ്ങൾ ഉൾപ്പെടെ ആകെ സ്റ്റോക്ക് മൂല്യം 2,60,364/- ആയി രേഖപ്പെടുത്തി കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

13. വസ്തു നികുതി, റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സഞ്ചയ, സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസമില്ല. സഞ്ചയയിൽ നിന്നും ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയും കളക്ഷൻ സാംഖ്യയിൽ നിന്നും എടുത്ത് ഡി.സി.ബി. തയ്യാറാക്കുകയും ഡിമാന്റ്, ബാലൻസ് എന്നിവ സാംഖ്യയിൽ ഉൾപ്പെടുത്തുകയും ചെയ്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. എന്നാൽ കളക്ഷൻ തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | റെസിഡൻഷ്യൽ | | നോൺ റെസിഡൻഷ്യൽ | |
|---|---|---|---|---|
| | കുടിശ്ശിക | തന്നാണ്ട് | കുടിശ്ശിക | തന്നാണ്ട് |
| സഞ്ചയ പ്രകാരം | 24,99,528 | 24,06,202 | 16,97,540 | 22,68,425 |
| സാംഖ്യ പ്രകാരം | 25,01,492 | 24,28,342 | 16,92,134 | 21,79,151 |
| വ്യത്യാസം | -1,964 | -22,140 | 5,406 | 89,274 |
| സഞ്ചയയിൽ ക്രമീകരിച്ചത് | 0 | 2,73,294 | 0 | 1,50,836 |
| ബാക്കി പിരിച്ചെടുക്കാനുള്ളത് | 9,52,391 | 4,55,197 | 3,58,341 | 2,20,602 |

നിലവിൽ സാംഖ്യയിൽ തയ്യാറാക്കിയ വാർഷിക കണക്കു പ്രകാരം ആകെ 19,86,531/- രൂപ വർഷാവസാനത്തിൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നുണ്ട്. അതേ സമയം 4,24,130/- രൂപ തന്നാണ്ടിൽ സഞ്ചയ പ്രകാരം അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

01/04/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 01/04/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഡിമാന്റ് - (കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ്

കണക്കാക്കുന്നതിൽ ഗണിത ക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തു നികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

14. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18-ലെ Net decrease in cash+cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (69,53,921) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ Net cash used up by operating +investing+financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് (31,78,119/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകത

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക (ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്) RP34 other deposits ഇനത്തിൽ തെറ്റി വരവ് വെച്ചതിനാൽ മുഴുവൻ തുകയും RP31 ൽ വരവ് വച്ചിട്ടില്ല. ആയതിനാൽ 4-2 ലെ ടി ഇനങ്ങളിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് ഫണ്ടിലുൾപ്പെടുത്താതെ ജനകീയ സമിതി മുഖേന സംഭാവന പിരിച്ചു

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9.5.2017 ലെ യോഗത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിലെ പെരുംതോട് ആഴം കൂട്ടുന്നതിന്റെ ഭാഗമായി ഓരോ വാർഡിലേയും ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ തുക അധിക ചെലവുകൾ പരിഹരിക്കുവാൻ അപര്യാപ്തമായതിനാൽ കൂടുതൽ തുക ഗ്രാമപഞ്ചായത്ത് അനുവദിക്കണമെന്ന വാർഡ് മെമ്പർമാരുടെ ആവശ്യം ചർച്ചചെയ്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നു.

ജനങ്ങളിൽ നിന്നും സ്വീകരിക്കപ്പെട്ട സംഭാവന അക്കൗണ്ട് ചെയ്തതിനെ കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/21.12.18) ഗ്രാമപഞ്ചായത്തിന്റെ 9 വാർഡുകളിലൂടെ കടന്നുപോകുന്ന പെരുംതോട് പുനരുദ്ധാരണ പ്രവൃത്തി ചെയ്യുന്നതിന് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റി രൂപീകരിച്ചിരുന്നുവെന്നും ആയതിന് വാർഡ് മെമ്പർ ചെയർമാനായ ജനകീയ സമിതി ഗുണഭോക്താക്കളിൽ നിന്നും പ്രകൃതി സ്നേഹികളിൽ നിന്നും സംഭാവന സ്വീകരിച്ച് വൻ ജനകീയ പങ്കാളിത്തത്തോടെ പ്രവൃത്തി നടപ്പിലാക്കുകയാണുണ്ടായതെന്നും, സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ച ഈ പ്രവൃത്തിക്ക് പൊതുജനങ്ങളിൽ നിന്ന് പഞ്ചായത്ത് സംഭാവന സ്വീകരിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

ജനകീയ കൂട്ടായ്മയിൽ നടന്ന ഈ പ്രവൃത്തിക്ക് തൊഴിലാളികളുടെ കൂലി വിഹിതം നൽകൽ മഹാത്മ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും, തോടിന്റെ ആഴം കൂട്ടുന്ന പ്രവൃത്തിക്ക് ഹിറ്റാച്ചിയുടെ വാടകയായി 49600/- രൂപയും തനതുഫണ്ടിൽ നിന്നും ചെലവഴിക്കുക ഉണ്ടായി. പഞ്ചായത്ത് തലത്തിൽ ഈ ഇനങ്ങൾക്കു മാത്രമാണ് തുക നൽകിയിട്ടുള്ളത്. മറ്റ് പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ തുക ജനകീയ കമ്മിറ്റി സംഭാവന സ്വീകരിച്ച് ചെലവുചെയ്യുകയാണുണ്ടായിട്ടുള്ളത്.

നീർത്തടങ്ങളുടെ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിച്ച് സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയിൽ

വരുന്ന പ്രവൃത്തിയാണ്. ടി പ്രവൃത്തിക്ക് ജനകീയ സമിതി മുഖേന സംഭാവന പിരിച്ച് ചെലവ് നടത്തി. പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്ന പ്രവൃത്തികൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 212 പ്രകാരം പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുവാൻ വ്യവസ്ഥയുള്ളതും സംഭാവനകൾ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതും പ്രാദേശികമായി ശേഖരിക്കുന്ന സംഭാവനകൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 212 (10)പ്രകാരം ഉണ്ടാക്കുന്ന ബൈലോകൾ പ്രകാരം വിനിയോഗിക്കാവുന്നതുമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 19 പ്രകാരം പഞ്ചായത്തിലെ എല്ലാ പണമിടപാടുകളും അക്കൗണ്ടസിൽ രേഖപ്പെടുത്തേണ്ടതുമുണ്ട്. ആയത് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം 63 മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 156291 രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ് . എന്നാൽ ആയത് ഈടാക്കാതെ മുഴുവൻ തുകയും വെൽഫയർ ഫണ്ടിലേക്ക് അടവാക്കിയതായി കാണുന്നു. തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കി. 15629 രൂപ തനത് ഫണ്ടിലേക്ക് ഈടാക്കി തനതുവരുമാനം ഉറപ്പാക്കേണ്ടതാണ്.

## 2-3 ക്യാൻസൽഡ് സാംഖ്യ രസീതികൾ ലഭ്യമാകുന്നില്ല

രസീതികൾ ക്യാൻസൽ ചെയ്യുമ്പോൾ രസീതിയുടെ പ്രിന്റിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഡേബുക്കിൽ ഇല്ലാത്തതും ക്യാൻസൽഡ് റിപ്പോർട്ടിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന താഴെപറയുന്ന രസീതികൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ക്യാൻസൽ ചെയ്യപ്പെടുന്ന രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടി രസീതുകളുടെ പ്രിന്റ് വന്നില്ല എന്ന കാരണം രേഖപ്പെടുത്തി രസീതികൾ ക്യാൻസൽ ചെയ്തുകാണുന്നു. ക്യാൻസൽ ചെയ്യപ്പെടുന്ന രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ടെങ്കിലും ആയത് പാലിക്കപ്പെടാതെ രസീതികൾ ക്യാൻസൽ ചെയ്യപ്പെടുന്ന സാഹചര്യം പഞ്ചായത്തിലുണ്ട്. ടി അപാകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കപ്പെടുകയോ പരിഹരിക്കപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം.3/17.12.2018 ) സാംഖ്യ സോഫ്റ്റ്‌വെയറിലെ ടെക്നിക്കൽ ഇഷ്യൂ മൂലം പ്രിന്റർ സിക്രോണൈസ് ആകാതെ വരുമ്പോൾ ഇത്തരത്തിൽ രസീതികൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യം ഉണ്ടെന്നും ഇത്തരത്തിൽ രസീതുകൾ ക്യാൻസൽ ചെയ്തപ്പോൾ സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ലായെന്ന് ഉറപ്പാക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

| തിയതി | രസീതി നമ്പർ | തുക |
|---|---|---|
| 22.6.17 | 117190101503 | 850 |
| 8.9.17 | 117190105897 | 1264 |
| 11.9.17 | 117190105930 | 125 |
| 13.11.17 | 117190107498 | 1114 |
| 23.2.18 | 117190110215 | 465 |

ക്യാൻസൽഡ് രസീതിയുടെ കൃത്യത ഉറപ്പാക്കേണ്ടതും സാംഖ്യ സോഫ്റ്റ്‌വെയറിലെ ടെക്നിക്കൽ പ്രശ്നം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുവാൻ നടപടിയുണ്ടാകേണ്ടതുമാണ്.

## 2-4 ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ

1. ട്രേഡേഴ്സ് ലിസ്റ്റും ഡി.ആന്റ്.ഓ ലൈസൻസ് രജിസ്റ്ററുമായി സ്ഥാപനങ്ങളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 23 വാർഡുകളിലായി 613 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 554 സ്ഥാപനങ്ങളേ ലൈസൻസ് എടുത്തുതായി കാണുന്നുള്ളൂ. ടി വ്യത്യാസത്തിന് നൽകിയ വിശദീകരണം തൃപ്തികരമല്ല. അതാത് സാമ്പത്തികവർഷം ഫീൽഡ് പരിശോധന നടത്തി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് തലത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് ആയതിനാൽ ടി സാമ്പത്തിക വർഷം പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ആവശ്യമാണ്. എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് പുതിക്കുന്നതിനു സമയക്രമം പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 528 സ്ഥാപനങ്ങൾക്ക് 2016-17 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം സമയപരിധിക്കുള്ളിൽ ഡി & ഒ ലൈസൻസ് പുതിക്കുന്നതിനുള്ള അപേക്ഷ സമർപ്പിപ്പിച്ചിരിക്കുന്നത് 110 സ്ഥാപനങ്ങൾ മാത്രമാണ്. താമസിച്ച് സമർപ്പിച്ച അപേക്ഷകളിൻമേൽ അധിക ഫീസ് ചുമത്തിയിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 142,143പ്രകാരം സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പിന് ലൈസൻസ് ആവശ്യമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 14 സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല. ടി സ്ഥാപനങ്ങളുടെ ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

4.ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. വരും വർഷങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഉറപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

5. ലൈസൻസ് ഇല്ലാതെ ഫാമുകളുടെ പ്രവർത്തനം

വെറ്ററനറി സർജൻ ഹാജരാക്കിയ രേഖകൾ പ്രകാരം നിരവധി ഫാമുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി കാണുന്നു . 2017-18 ൽ നിരവധി കർഷകർ പാലിന് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2017-18 ൽ ഒരു ഫാം മാത്രമേ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. നിയമാനുസൃതമായ രേഖകൾ ഇല്ലാത്ത ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലായെന്ന്

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നു.ഇത്തരം ഫാമുകൾ നിയമാനുസൃതമാക്കുകയോ അല്ലെങ്കിൽ നിയമാനുസൃതമല്ലാത്ത ഫാമുകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

6. വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ്

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പലതിലും സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 6/19.12.18 ന ലഭിച്ച മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 തൊഴിൽ നികുതി - അപാകതകൾ

1 പൂർണ്ണമല്ലാത്ത റിട്ടേണുകൾ

കെ.എസ്.ഇ.ബി ,എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടുങ്ങല്ലൂർ സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി മാത്രം രേഖപ്പെടുത്തി നികുതി അടവാക്കുന്നു.

ജില്ലാ പോലീസ് അക്കൗണ്ട് ഓഫീസർ രണ്ടാം അർദ്ധവർഷം 42500 രൂപ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ വേതനവിവരം രേഖപ്പെടുത്താതെ തുക അടവാക്കിയിരിക്കുന്നു.

നിശ്ചിത പ്രൊഫോർമയിൽ പൂർണ്ണമായ റിട്ടേണുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2 സഫ എന്റർപ്രൈസസ്സ് എന്ന സ്ഥാപനത്തിന് 41/17-18 നമ്പറായി ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ 27 ജീവനക്കാർ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തില്ല. നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ നടത്തിയ കരാറുകാറിൽനിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഡിമാന്റ് ചെയ്ത് ഈടാക്കാവുന്നതാണ്. ഇപ്രകാരം നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 കെട്ടിടത്തിന്റെ ക്രമവൽക്കരണം - ചട്ടപ്രകാരം നടപടി സ്വീകരിച്ചില്ല

പെർമിറ്റ് എടുക്കാതെ 382.49 m2 വിസ്തൃതിയിൽ പണികഴിപ്പിച്ചിട്ടുള്ള കോസ്മോപൊളിറ്റൻ മിനിഹാൾ റഗുലറൈസ് ചെയ്യുന്നതിനായി കെട്ടിട ഉടമ ശ്രീ. അബ്ദുൾ വാഹിദ് ,അയ്യാരിൽ ഹൗസ്, എറിയാട് 12.9.17 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി കെട്ടിടം റഗുലറൈസ് ചെയ്ത് 20.9.17ൽ VII/533 C,Dകെട്ടിടനമ്പർ അനുവദിച്ചു. സമ്മേളന കൈവശഗണങ്ങളുടെ കാര്യത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് അഗ്നിശമനസേന ഡയറക്ടറിൽ നിന്നോ, ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഒരു അംഗീകാരസാക്ഷ്യപത്രം വാങ്ങേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 57(8) ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ക്രമവൽക്കരിച്ച് നമ്പർ നൽകിയിരിക്കുന്ന ഈ കെട്ടിടത്തിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഉറപ്പാക്കിയതായി കാണുന്നില്ല. ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതു പോലെ ആയിരിക്കേണ്ടതാണ് (2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 135(3) ). സാക്ഷ്യപത്രം ഉറപ്പാക്കാതെ കെട്ടിടം ക്രമവൽക്കരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയത് ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

## 2-7 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉറപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 7-ാം വാർഡ് 736 -ാം സർവ്വെ നമ്പറിൽ 26.3.16 ന് A3-494/15-16 ന് പെർമിറ്റ് അനുവദിച്ചിട്ടുള്ള ഫാമിന്റെ (132.32 m2) പണിപൂർത്തീകരിച്ച് കെട്ടിടനമ്പർ അനുവദിക്കുന്നതിനായി 14.2.18 ൽ സ്ഥാപനഉടമ അപേക്ഷ സമർപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് നമ്പർ അനുവദിക്കാവുന്നതാണെന്ന് ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കാമെന്ന സ്ഥാപന ഉടമയുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 7/490 എ, 7/490 ബി എന്നീ നമ്പറുകൾ അനുവദിച്ചിരിക്കുന്നു. എന്നാൽ നാളിതുവരെയും ഉടമ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കണം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കൃഷി ഓഫീസർ നടപ്പാക്കിയ തെങ്ങിന് കൈതാങ്ങ് പ്രോജക്ട് നം. 163/18 പ്രകാരം തെങ്ങിന് ജൈവവളം വിതരണം ചെയ്യുന്നതിനായി 694 ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി 268 ഗുണഭോക്താക്കൾക്ക് ജൈവവളം-സബ്സിഡി വിതരണം ചെയ്യുന്നതിനായി പദ്ധതിയിനത്തിൽ 16,34,840 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 38.6% ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക ലഭ്യമല്ലാത്തതിനാലും അപേക്ഷകൾ ലഭിക്കാതിരുന്നതിനാലുമാണ് മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാൻ സാധിക്കാതിരുന്നതെന്ന് അറിയിക്കുകയുണ്ടായി. അതേ സമയം ഏതാനും ഗുണഭോക്താക്കൾക്ക് പരിധിയിലധികം തുക നൽകിയതായും കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം./ഭൂമിയുടെ വിസ്തൃതി. | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|
| 1 | പി.കെ.ഇബ്രാഹിം,പടിയത്ത് മണപ്പാട്ട്, യുബസാർ | III/4.8 ഏക്കർ | 32503 | 2503 |
| 2 | അബ്ദുൾ സമദ്, അയ്യാരിൽ തൈചാലിൽ, | XIX/4.11 ഏക്കർ | 32400 | 2400 |
| 3 | ജിതിൻ റഷീദ്, പടിയത്ത് പുത്തൻകാട്ടിൽ, മാടവന | 4.92 ഏക്കർ | 38700 | 8700 |
| | ആകെ | | | 13603 |

03.04.2017 ലെ സ.ഉ.(എം.എസ്) 80/2017ത.സ്വ.ഭവ. ഉത്തരവ് ഖണ്ഡിക 2.17 പ്രകാരം വ്യക്തിഗത ആനുകൂല്യ പരമാവധി കുടുംബ വാർഷിക സബ്സിഡി പൊതു വിഭാഗത്തിന് 30,000 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാതെ ആനുകൂല്യം നൽകിയതിനാൽ 13,603 രൂപ അധികമായി നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 8.1 പ്രകാരം പരമാവധി സബ്സിഡി 75% ആയി പരിമിതപ്പെടുത്താമെന്നും സബ്സിഡി നിരക്ക് തദ്ദേശ സ്ഥാപനത്തിന് നിശ്ചയിക്കാമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വ്യക്തമായ തീരുമാനങ്ങൾഎടുക്കുകയോ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്ന വിധത്തിൽ സബ്സിഡി നിരക്ക് നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയിലേക്ക് ഇത്തരം നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ കാണുന്നില്ല. ഗ്രാമസഭയിൽ നിന്നും ലഭിച്ചതായ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുഴുവൻ ഗുണഭോക്താക്കളെയും കമ്മിറ്റി അംഗീകരിച്ച് നൽകി കാണുന്നുണ്ട്. എന്നാൽ വകയിരുത്തിയ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് തയ്യാറാക്കുകയോ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാൻ സാധിക്കാതിരിക്കെ ഏതാനും ഗുണഭോക്താക്കൾക്ക് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികം തുക നൽകിയത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ കൃഷി പ്രോജക്ടുകളിൽ ഗ്രാമസഭ അംഗീകരിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതായോ പദ്ധതി പ്രയോജനം മുഴുവൻ പേർക്കും ലഭിക്കുന്നതായോ കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയവരുടെ എണ്ണം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | തവിട്ടുവിപ്ലവം- ചേമ്പ്,ചേന കിറ്റ് സൗജന്യ വിതരണം | 268 | 100 | 690kgചേന, 644kg ചേമ്പ് എന്നിവ വാങ്ങിയത് 230 കിറ്റുകളിലാക്കി 100 പേർക്ക് വിതരണം ചെയ്തു കാണുന്നു. ഒരു കിറ്റിലെ നടീൽ വസ്തുക്കളുടെ അളവ് രേഖപെടുത്തിയിട്ടില്ല. |
| 2 | വാഴപൊലിമ,സൗജന്യ വാഴക്കന്ന് വിതരണം. | 260 | 119 | മുഴവൻ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിൽ വിതരണം നടത്തിയിട്ടില്ല. 25 വാഴക്കന്നുകൾ ഉള്ള 16 യൂണീറ്റുകൾ വരെ(400 എണ്ണം) ഒരു വ്യക്തിക്ക് നൽകി കാണുന്നു. വാഴക്കന്നുകൾ മുഴവൻ പേർക്കും ലഭിക്കുന്ന വിധത്തിൽ സൗജന്യ വിതരണം ചെയ്യുന്ന എണ്ണം പരിമിതപ്പെടുത്തി തീരുമാനമെടുത്തിട്ടില്ല. |
| 3 | സുഗന്ധ ഗ്രാമം,ഇഞ്ചി,മഞ്ഞൾ വിത്ത് വിതരണം | 397 | 180 | ആവശ്യമായ പ്രചരണം നൽകിയോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. |
| 4 | കവുങ്ങിന് ജൈവവളം- സബ്സിഡി | 202 | 75 | ,, |
| 5 | ജാതിപെരുമ- ജൈവവളം- സബ്സിഡി | 203 | 66 | ,, |
| 6 | കേരസമ്പത്ത്-തെങ്ങ് വെട്ടിന് ധനസഹായം | 544 | 180 | ,, |

പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ടുകൾ, ഉൽപാദന വർദ്ധന സംബന്ധിച്ച കൃഷി ഓഫീസറുടെ റിപ്പോർട്ട്, ഡോക്യുമെന്റേഷൻ രേഖകൾ എന്നിവ ഫയലിൽ ഇല്ല. സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് 6 തവണ യോഗം ചേർന്ന് കാണുന്നു. എന്നാൽ പദ്ധതി പുരോഗതി വിലയിരുത്തിയതായോ മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്ന വിധത്തിൽ സബ്സിഡി നിരക്ക് നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. അർഹരായ മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്ന വിധത്തിൽ സബ്സിഡി നിരക്കുകൾ നിശ്ചയിക്കുന്നതിനും ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ്

ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും പദ്ധതി നിർവ്വഹണം ശരിയായി ഡോക്യുമെന്റ് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ് ഇക്കാര്യത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ - അധിക തുക നൽകി.

29.1.18 ലെ സ.ഉ.(സാ)256/18 ഉത്തരവ് ഖണ്ഡിക3(i)പ്രകാരം നിലവിലുള്ള നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിലും (ഒരു നീർത്തടത്തിന് 15000 രൂപ നിരക്കിൽ) പരമാവധി രണ്ടു നീർത്തടത്തിന്30000 രൂപ ചെലവഴിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 14.2.18ൽ ട്രഷറി ബിൽ നം. 5/17-18 പ്രകാരം 50,000 രൂപയും 2.3.18ൽ ബിൽ നം.12/17-18 പ്രകാരം 75,000 രൂപയും അടക്കം 1,25,000 രൂപ മൈത്രി, മുതലമട പാലക്കാട് എന്ന സ്ഥാപനത്തിന് നൽകി കാണുന്നു. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തുക അധികമായി നൽകി കാണുന്നു. (ഓഡിറ്റ് എൻക്വയറി നം.8/20.12.2018). ഗ്രാമപഞ്ചായത്ത് പരിധിയിലെ നിർത്തടങ്ങളുടെ എണ്ണം നീർത്തടങ്ങളുടെ അടിസ്ഥാനത്തിലാണോ മൈത്രിക്ക് തുക നൽകിയത് എന്നീ വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-3 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ.

1.പദ്ധതി നമ്പർ-195/18 ജനറൽ(പെണ്ണാടുകളുടെ യൂണിറ്റ് )

അടങ്കൽ-500000/-പ്ലാൻ ഫണ്ട്

500000/ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്.

2.പദ്ധതി നമ്പർ-199/18(പെണ്ണാടുകളുടെ യൂണിറ്റ് എസ് സിപി)

അടങ്കൽ-225000 പ്ലാൻ ഫണ്ട്

-75000ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്.

3. പദ്ധതി നമ്പർ 198/18 (പോത്തിൻകുട്ടി വളർത്തൽ, SCP)
അടങ്കൽ – 100000/-
25000/- രൂപ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്.

4.പദ്ധതി നം.193/18 (പോത്തിൻകുട്ടി വളർത്തൽ, ജനറൽ)
അടങ്കൽ – 200000/-
200000/- രൂപ നേരിട്ട് ചെലവഴിക്കുന്നത്.

അപാകങ്ങൾ താഴെ ചേർക്കുന്നു.

1.ആദ്യ പദ്ധതിയിൽ 2പെണ്ണാടുകളുടെ യൂണിറ്റ് വാങ്ങുന്നതിന് 22 യൂണിറ്റിന് 220000/-രൂ ബിൽ നമ്പർ-10&14/11.1.18 പ്രകാരം യഥാക്രമം 180000/-രൂപയും 40000/-രൂപയും വില്പനക്കാരന് നൽകി. ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം വില്പനക്കാരന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രഡിറ്റ് ചെയ്തു

കൊടുക്കുന്ന രീതിയിലാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്.ഇത് സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 80/2017 /തസ്വഭവ/3.4.2017 ലെ ഖ.2.6 ന് വിരുദ്ധമാണ്. ആയതു പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശ ഭരണ സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്.ഇപ്രകാരം ചെയ്യാത്തതിനാൽ ചെലവ് സുലേഖ ചെലവ് പത്രികയിലും സബ്സിഡി വിഹിതം മാത്രമേ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. എസ് സി പദ്ധതിയിലും മേൽ അപാകത ഉണ്ട്.

പോത്തിൻകുട്ടി വളർത്തൽ പദ്ധതികളിലും (പദ്ധതി നമ്പർ-198/18&193/18)മേൽ പ്രകാരം അപാകങ്ങൾ ഉണ്ട്. (എൻക്വയറി നം.5/18.12.18)

പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് മാർഗ്ഗരേഖയിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത്.ആയതിനാൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തീകരണത്തിന് മുമ്പ് ഗുണഭോക്താക്കൾ വിട്ടുപോയി.

പദ്ധതി നമ്പർ-132/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ബിൽ നമ്പർ-18/8.2.18-337500/-

മേൽ പദ്ധതിക്കായി 27 ഗുണഭോക്താക്കളുടെ വിഹിതം എസ് എൽബിപിയിലേക്ക് അടവാക്കിയിട്ടുണ്ട്.പദ്ധതിയിൽ തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിക്കുന്നതിന് മുമ്പ് വിട്ടു പോയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ പദ്ധതി വിഹിതം |
|---|---|
| പ്രിയ, പരുത്തിയേഴത്ത് | 1845/- |
| ഷിയാസ്, പരുത്തിയേഴത്ത് | 1230/- |
| വിമല, പനങ്ങാട് | 2460/- |
| സന്തോഷ് കുമാർ, മംഗലത്ത് | 2460/- |
| സഗീർ, നട്ടുമുറി | 2460/- |

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് SLBP യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതും പദ്ധതി പൂർത്തീകരിക്കാത്തവരുടെ പ്ലാൻ ഫണ്ട് തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഇല്ല

1.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിക്ക് (പദ്ധതി നമ്പർ-SO125/18) ബിൽ നമ്പർ-22/22.11.17 പ്രകാരം 117900/- രൂപ KSEB കൊടുങ്ങല്ലൂർ സെക്ഷൻ അസി. എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

2.പദ്ധതി നമ്പർ-241/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-41/24.3.18-16875/-രൂ

വാർഡ് 20ലെ കുടുംബശ്രീ ഓഫീസിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനു വേണ്ടി വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട സെക്ഷൻ എക്സി .എൻജിനീയറുടെ ഓഫീസിലേക്ക് 16875/-രൂ അടവാക്കി. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

3.പദ്ധതി നം.179/18 – ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ- വിഹിതം 50000/-രൂപ (ബിൽ നം. 13/17-18 തീയതി 19.09.17) ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 45 അങ്കണവാടികൾ ഉള്ളതിൽ 36 എണ്ണത്തിനാണ് സ്വന്തമായി കെട്ടിടം ഉള്ളത്. 9 എണ്ണം വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. പ്രളയത്തെത്തുടർന്ന് 2 എണ്ണത്തിന് (നം.22,45)അസി എൻജിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പുതിയതായി ഉദ്ഘാടനം കഴിഞ്ഞ സെന്റർ നം.53 ന് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിന് അധികാരികളുടെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. അൺഫിറ്റ് ആയ അങ്കണവാടികൾ മാറ്റി സ്ഥാപിക്കേണ്ടതും പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

19ാം വാർഡിലെ അങ്കണവാടി നം.48 ന് പുതിയ ടോയ്ലറ്റ് 17-18ൽ പദ്ധതി നമ്പർ-45/18 ആയി 110007/-രൂ ചെലവഴിച്ച് പണി തീർത്തിട്ടുണ്ട്. പ്രസ്തുത അങ്കണവാടിയുടെ മുന്നിൽ നിന്ന മരത്തിന്റെ വേരുകൾ ഇറങ്ങി പഴയ ടോയ്‌ലറ്റ് നാശമായതിനാലാണ് പുതിയത് പണി കഴിപ്പിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പുതിയ ടോയ്‌ലറ്റിന്റെ പണി കഴിഞ്ഞിട്ടും മരം വെട്ടിമാറ്റുന്നതിന് അധികാരികൾ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 അങ്കണവാടി കെട്ടിട നിർമ്മാണം-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

പദ്ധതി നമ്പർ-29/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. എൻജിനീയർ

ബിൽ നമ്പർ-19/13.9.17-437971/-രൂ

സാങ്കേതികാനുമതി നമ്പർ-LSGD/TS/16-17/46887/2.12.16

കരാർ-16/AE/LSGD/ERD/16-17S

കരാറുകാരൻ-പി എച്ച്.മുഹമ്മദ് റാഫി

എം.ബുക്ക് നമ്പർ-201/15-16(പേജ് 76)&450/16-17(പേജ്13)

വാർഡ് 21 ലെ 51ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണംപൂർത്തീകരിച്ച് മേൽ പ്രകാരം കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്. ഫൈനൽ ബില്ലിലെ ഐറ്റം നമ്പർ 42&43 പ്രകാരം ബോർവെൽ കുഴിച്ചതിനുള്ള തുകയും ഇതിൽ ഉൾപ്പെടുന്നു. 22.12.2018 ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക

പരിശോധനയിൽ ബോർവെൽ കുഴിച്ചിട്ടില്ല എന്ന് കണ്ടു. ഐറ്റം നമ്പർ 42 പ്രകാരം supplying and fixing 110mm PVC casing pipe in to the borewell .....etc.complete എന്ന പ്രവൃത്തിക്ക് 3994.17/-രൂപയും ഐറ്റം നമ്പർ 43 പ്രകാരം digging of borewell....etc.complete എന്ന പ്രവൃത്തിക്ക് 800.25 രൂപയും നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ 4794/-രൂ തിരികെ ഈടാക്കേണ്ടതാണ്.

## 3-8 അംഗൻവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- ഗുണനിലവാരമില്ലാത്ത കസേര വാങ്ങി നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ചെലവ് തുക – 69361/-
ബിൽ നം.12/17-18, dt.26/3/18 ,തുക-69361/

ഈ പദ്ധതിയിൽ, കുട്ടികൾക്കായി ഫാൻസി മെറ്റൽ ചെയർ, 289/ രൂപാ നിരക്കിൽ, മോഡേൺ ഇന്റസ്ട്രീസ്, നോർത്ത് പറവൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഈ സ്ഥാപനത്തിൽ നിന്നും, 22/8/17 ൽ കൂടിയ പർച്ചേസിംഗ് കമ്മിറ്റിയുടെ 'ഗുണനിലവാരം ഉള്ളത് എന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. 22/8/17 ലെ പർച്ചേസിംഗ് കമ്മിറ്റിയുടെ മീറ്റിംഗിൽ, പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ വിദ്യാഭ്യാസം, വികസനം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാർ, വാർഡ് മെമ്പർ, മുൻ മെമ്പർ എന്നിവരാണ് പങ്കെടുത്തിട്ടുള്ളത്.

അങ്കണവാടി നമ്പർ 20, 25 എന്നിവയിൽ നടത്തിയ ഭൗതിക പരിശോധനയിലും, മറ്റു ചില അങ്കണവാടികളിലെ വർക്കർമാരോട് നേരിട്ട് സംസാരിച്ചതിൽനിന്നും, കസേരകൾ ഉപയോഗശൂന്യമാണെന്നും, കുട്ടികൾക്ക് യാതൊരു രീതിയിലും ഉപയോഗിക്കാൻ സാധ്യമല്ലെന്നും ബോധ്യമായിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും ഇവ ഉപയോഗശൂന്യമായിരിക്കുന്നതായി ഓഡിറ്റിന് ബോധ്യമായിട്ടുണ്ട്. ഇത്തരത്തിൽ ഒരു പാഴ്ചെലവ് നടത്തി പദ്ധതിപ്പണം ദുർവിനിയോഗം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ചെലവ് തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 വിധവാ വിവാഹധനസഹായം- അപേക്ഷ ലഭിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല.

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണോദ്യഗസ്ഥയായ ഈ പദ്ധതിയിൽ താഴെ പറയുന്ന അപേക്ഷകർ അവരുടെ അപേക്ഷയിൽ തിയതി രേഖപ്പെടുത്തിയതായി കാണുന്നില്ല.

| അപേക്ഷകയുടെ പേര് | കല്യാണം നടന്ന തിയതി |
|---|---|
| ഷീജ. പികെ. | 27/10/17 |
| ജമീല | 25/2/18 |
| മായ | 31/12/17 |
| ഷംല.സി.എ. | 24/9/17 |
| സഫിയ | 14/1/18 |

അപേക്ഷകൾ തീയതി രേഖപ്പെടുത്തി വാങ്ങാൻ ശ്രദ്ധക്കേണ്ടതാണ്.

## 3-10 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന മരുന്നിന് ഹാന്റ്ലിംഗ് ചാർജ് ഈടാക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പിഎച്ച്സി

അലോപ്പതി മരുന്നുകൾ കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും വാങ്ങുമ്പോൾ, അതിനായി നൽകുന്ന പ്രൊഫോർമ ഇൻവോയ്സ്ൽ, കോർപ്പറേഷൻ 2% ഹാന്റ് ലിങ്ങ് ചാർജ് ഉൾപ്പെടുത്തിയാണ് നൽകുന്നത്. ഹാന്റ്ലിംഗ് ചാർജ് അടക്കം ആണ് നിർവഹണോദ്യോഗസ്ഥൻ മരുന്നിന് തുക നൽകുന്നത്. എന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ(ഹെൽത്ത്), കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കുള്ള 25714JI/2011/H&FWD കത്ത് പ്രകാരം, സർവീസ് ചാർജ് ഒന്നും നൽകാതെ, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും, റേറ്റ് കോൺട്രാക്ട് പ്രൈസിന് ഉപകരണങ്ങളും മരുന്നും വാങ്ങാം എന്നാണ് പറഞ്ഞിരിക്കുന്നത്.

നിർവഹണോദ്യഗസ്ഥൻ മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടുന്നതായി കാണുന്നില്ല. കോർപ്പറേഷനുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യക്തമായ കരാറിൽ ഏർപ്പെടേണ്ടതും, അതുവഴി മരുന്ന് ലഭ്യമാവുന്നതിനുള്ള കാലതാമസവും, ഹാന്റ് ലിങ്ങ് ചാർജ് നൽകേണ്ടി വരുന്നതും ഒഴിവാക്കേണ്ടതാണ്.

## 3-11 കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല

നിർവഹണോദ്യഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ചെലവ് തുക—1,50,000/

ബിൽ നം--6/17-18, dt.7/3/18

പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി, 1,50,000/രൂപാ കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്നിനായി നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 3-12 ആശുപത്രി ഉപകരണങ്ങൾ നേരിട്ട് സിഡ്കോയിൽ നിന്നും വാങ്ങി

നിർവഹണോദ്യഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ബിൽ നം-7/17-18, dt.27/3/18

തുക- 103211/-

പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി, മെഡിക്കൽ ഓഫീസർ ആശുപത്രി ഉപകരണങ്ങൾ (ബിപി അപ്പരറ്റസ് മുതലായവ) നേരിട്ട് സിഡ്കോയിൽ നിന്നും വാങ്ങിയതായി കാണുന്നു. വുഡൺ, സ്റ്റീൽ ഫർണീച്ചറുകൾ മാത്രമാണ് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതിയുള്ളത്. ആശുപത്രി ഉപകരണങ്ങൾ നേരിട്ട് വാങ്ങാൻ അനുമതിയുള്ളത് കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മാത്രമാണ്. ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 9/20.12.18)

## 3-13 പ്രിന്റിംഗ് ജോലികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

പഞ്ചായത്തിലെ പ്രിന്റിംഗ് വർക്കുകൾ കരാർ നൽകിയ ശ്രീ.ബഷീർ.പി.എ., പിബി.ഓഫ്സെറ്റ് എന്നയാളിൽ നിന്നും ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തിയതി | തുക |
|---|---|
| 14/17-18,dt.10/10/17 | 28166 |
| 4/17-18,dt.31/8/17 | 31420/ |
| 352/27-3-18 | 17533 |
| 290/dt.15/3/18 | 29043 |
| 97/30/10/17 | 34996 |

ടിയാളിൽ നിന്നും ആദായനികുതി നിയമം, വകുപ്പ് 194c പ്രകാരമുള്ള ആദായനികുതി ഈടാക്കേണ്ടതാണ്.

## 3-14 ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ– ഉപകരണങ്ങൾ ഉപയോഗിച്ചിട്ടില്ല.

പദ്ധതി നമ്പർ-129/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ആയുർവേദം

ബിൽ നമ്പർ-2/24.11.17-64520/-

ആയുർവേദ ആശുപത്രി യോഗ ഹാളിലേക്ക് ടീക്കെ ഫർണ്ണീച്ചർ കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ-124/11.11.2017 പ്രകാരം 50 ചെയർ, ടേബിൾ, 17 ഫാൻ എന്നിവ വാങ്ങിയിട്ടുണ്ട്. 22.12.2018 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഹാളിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ ഫാനുകൾ ഫിറ്റ് ചെയ്യാതെ കവറിൽ തന്നെ വച്ചിരിക്കുകയാണ്. കസേര, ടേബിൾ എന്നിവ ഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല

എ) നിർവഹണോദ്യഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഹോമിയോ

ബിൽ നം-1/17-18,dt.23/9/1, തുക 500000/-

ബിൽ നം.-2/17-18,dt.27/1/18, തുക 75000/-

മേൽ ബില്ലുകൾ പ്രകാരം ഹോംകോയിലേക്ക് മരുന്നിനായി 575000/- രൂപാ നൽകിയെങ്കിലും നാളിതുവരെ, 189195/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 385805/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ബി)ഹോംകോ മരുന്നിന് ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു

മരുന്നിനായി ഹോംകോയിലേക്ക് തുക നൽകുമ്പോൾ നിർവഹണോദ്യഗസ്ഥൻ ഹോംകോയുമായി കരാറിൽ ഏർപ്പെടുന്നതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുമ്പോൾ ഹോംകോ നിശ്ചിത തുക ഫ്രൈറ്റ് ചാർജ് ആയി ഈടാക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഹോംകോയുമായി വ്യക്തമായും കരാർ ചമയ്ക്കേണ്ടതും ഫ്രൈറ്റ് ചാർജ് നൽകുന്ന നടപടി ഒഴിവാക്കേണ്ടതുമാണ്.

## 3-16 ഓരുവെള്ളം കയറുന്നത് തടയാൻ ശാസ്ത്രീയമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആവർത്തന ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ വാർഡ് നം. 1,7,8,16,19,20 എന്നിങ്ങനെ വിവിധ വാർഡുകളിൽ പുഴയിൽ നിന്നും വിവിധ തോടുകൾ വഴി ഉപ്പുവെള്ളം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമാക്കപ്പെടാതിരിക്കാൻ താൽക്കാലിക സംവിധാനങ്ങളായ തടയണകൾ/ബണ്ടുകൾ നിർമ്മിച്ചതിന് പ്രാദേശിക ജനകീയ കമ്മിറ്റികൾക്ക് തുക നൽകുന്നതായും തുടർച്ചയായ വർഷങ്ങളിൽ ഇത്തരം ചെലവുകൾ ആവർത്തിച്ച വരുന്നതായും കാണുന്നു. വിവിധ വാർഡുകളിൽ 60 സ്ഥലങ്ങളിൽ ഇത്തരത്തിൽ ബണ്ടുകൾ നിർമ്മിച്ചതിന് 2017-18 വർഷത്തിൽ 4,00,097 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

കാലവർഷത്തെ തുടർന്ന് സമുദ്രജല നിരപ്പിലുണ്ടാകുന്ന വ്യതിയാനവും, വേലിയേറ്റവും മൂലം, കടൽഭിത്തി ഇടിഞ്ഞ് താഴ്ന്ന സ്ഥലങ്ങളിൽ കൂടി ഉപ്പുവെള്ളം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമാകുന്ന സ്ഥിതിവിശേഷം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളെ താൽക്കാലികമായി മറികടക്കാൻ തീരപ്രദേശ വാർഡുകളിൽ താൽക്കാലിക ബണ്ടുകൾ ഉണ്ടാക്കുകയും വർഷത്തിൽ ഒന്നിലധികം തവണ പൊളിക്കുകയും വീണ്ടും കെട്ടുകയും ചെയ്യേണ്ടിവരുന്നുണ്ട്. ഇത്തരം പ്രവൃത്തികൾക്കായി ഓരോ സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിന് വലിയ തുകകൾ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

അശാസ്ത്രീയമായ ഇത്തരം സംവിധാനങ്ങൾ സ്വാഭാവിക നീരൊഴുക്കിനെ തടയുകയും ഇതുമൂലം ഓരുവെള്ളം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമാകുന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് കഴിയാതെ വരുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് 1,25,000 രൂപ ചെലവഴിച്ച് നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ശാശ്വതമായി പരിഹരിക്കേണ്ട ഈ പ്രശ്നം സംബന്ധിച്ച കുറിപ്പുകളോ വിലയിരുത്തലുകളോ മാസ്റ്റർ പ്ലാനിൽ ഇല്ല. യഥാർത്ഥത്തിൽ പ്രദേശത്തെ കോണ്ടൂർ മാപ്പിംഗ് നടത്തി സ്ഥിര സംവിധാനങ്ങളായ ഷട്ടറുകളോടു കൂടിയ സ്ലൂയിസുകൾ നിർമ്മിച്ച് ഈ പ്രശ്നത്തെ ശാശ്വതമായി പരിഹരിക്കാൻ സാധിക്കും. ഇതിനായി ആവശ്യമായ ശാസ്ത്രീയ

പഠനങ്ങൾ നടത്തുകയും സ്ലൂയിസുകൾ സ്ഥാപിക്കേണ്ട പോയിന്റുകൾ കണ്ടെത്തി പദ്ധതി വിഹിതം ഉപയോഗിച്ചോ അല്ലാത്തപക്ഷം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി തുക ലഭ്യമാക്കിയോ ഈ പ്രശ്നത്തെ ശാസ്ത്രീയമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 എസ്.എസ്.എ.വിഹിതം അധികം അടവാക്കി

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. 167/18 പ്രകാരം 2017-18 വർഷത്തിൽ 13,79,678 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എസ്.എസ്. എ. ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്ക് നൽകുന്ന സേവനങ്ങൾക്ക് ചെലവഴിക്കുന്ന തുകയുടെ 40% തുകയാണ് ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടത്. എസ്.എസ്.എ ഹാജരാക്കിയ ചെലവു പത്രിക പ്രകാരം 21,75,810 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് 8,70,324 രൂപയാണ് നൽകേണ്ടത്. എസ്.എസ്.എയ്ക്ക് 2015-16 വർഷത്തിൽ അധികമായി നൽകിയ 1,75,158 രൂപ കഴിച്ച് യഥാർത്ഥത്തിൽ 6,95,512 രൂപയാണ് നൽകേണ്ടതെങ്കിലും 27.7.17 ലെ ബിൽ നം. 1/17-18 പ്രകാരം 7,50,000 രൂപയും 13.10.17 ലെ ബിൽ നം. 2/17-18 പ്രകാരം 6,29,678 രൂപയും അടക്കം 13,79,678 രൂപ എസ്.എസ്.എക്ക് നൽകിയിട്ടുണ്ട്. അധികമായി 6,84,512 രൂപ നൽകി കാണുന്നു. ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതും അധികം നൽകിയ തുക വരുംവർഷങ്ങളിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 തുല്യതാ പഠനം - മുഴുവൻ ഗുണഭോക്താക്കളുടേയും സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രോജക്ട് നം. 184/18പ്രകാരം 10ാം ക്ലാസ്, +1 തുല്യത നേടുന്നതിനായി യഥാക്രമം 1,750/- രൂപ, 1,950/- രൂപ എന്ന നിരക്കിൽ പരീക്ഷാ ഫീസ് ബിൽ നം. 6/17-18/24.3.18 പ്രകാരം 1,72,000/-രൂപ സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ ഗുണഭോക്താക്കളും പരീക്ഷയെഴുതിയതായി കാണുന്നില്ല. 10ാം ക്ലാസ് വിഭാഗത്തിൽ 56 പേർക്ക് തുക അടവാക്കിയിട്ടുണ്ടെങ്കിലും 41 പേർ മാത്രമേ നവംബറിൽ നടന്ന പരീക്ഷ അറ്റൻഡു ചെയ്തിട്ടുള്ളൂ. ഇതേ രീതിയിൽ 38 പേർക്ക് +1 ഫീസ് അടവാക്കിയിട്ടുണ്ടെങ്കിലും 29 പേർ മാത്രമേ പരീക്ഷ അറ്റൻഡു ചെയ്തതായി ഹാൾ ടിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ളൂ. ആയതിനാൽ മുഴുവൻ ഗുണഭോക്താക്കളുടെയും പരീക്ഷയെഴുതിയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017/18 | 5 lakh | Street main extension | 5 lakh | - |
| “ | 2017/18 | 2,50,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,72,500 | |

| | | | | | |
|---|---|---|---|---|---|
| | | | | 77500 | |
| “ | 2017/18 | 5,00,000 | അങ്കണവാടി പോഷകാഹാരം | 4,63,697 | 36303 |
| മതിലകം ബ്ലോക്ക് പഞ്ചായത്ത് | 2017/18 | 2,50,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 2,02,400 | 47600 |
| | 2017/18 | 3,00,000 | അങ്കണവാടി പോഷകാഹാരം | 3,00,000 | - |
| | 2017/18 | 3,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്ബ് സിഡി | 3,00,000 | - |
| | 2017/18 | 1,00,000 | എസ്.സി സാസ്കാരിക നിലയം അടിസ്ഥാന സൗകര്യം ഒരുക്കൽ | 41502 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തുന്നതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ .

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | neft | 10,34,881 | 916981 | 1,17,900/- രൂപയുടെ യു.സി ലഭ്യമായിട്ടില്ല. |
| വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ കുടുംബശ്രീ | 41/24.03.18 | 16875 | - | 16875 |

ബാലൻസ് ഷീറ്റ് B-18 പട്ടികയിൽ ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റി – 2,10,000/- രൂപ, കെ.എസ്.ഇ.ബി – 17,56,735/- രൂപ, അതർ ഏജൻസീസ് – 62,528/- രൂപ, അതേഴ്സ് – 1,00,000/- രൂപ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5437500 |
| തൻവർഷം നിക്ഷേപിച്ച തുക | 405209 |

| | |
|---|---|
| ആകെ | 5842709 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5842709 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സാമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 –ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.(പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരം പ്രകാരം )

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.3 | വസ്തു നികുതി | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർമുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2.3 | 2016-17 | 2.2 | തൊഴിൽ നികുതി | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർമുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചിലവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർമുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.8 | റിവർ മാനേജ് മെൻറ് ഫണ്ടിൽ ഒടുക്കിയത് കുറവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് |

| | | | | | |
|---|---|---|---|---|---|
| | | | | | ഡയറക്ടർമുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.14 | കടവുകമ്മിറ്റികൾ സജീവമല്ല. | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടർമുഖേന സമർപ്പിച്ചിട്ടുണ്ട്. |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക .

ചാർജ് നടപടി വഴി 2017-18 സാമ്പത്തിക വർഷത്തിൽ തുക ഈടാക്കിയിട്ടില്ല .

(ബി ) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

സർ ചാർജ് നടപടി വഴി 2017-18 സാമ്പത്തിക വർഷത്തിൽ തുക ഈടാക്കിയിട്ടില്ല.

## **4-9** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81705849 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88659770 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18397 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 184775/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13603 | ശശി മേനോൻ, കൃഷി ഓഫീസർ |
| 3-7 | 4794 | ശ്രീദേവി .എ.ആർ, അസി എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 ( 1) | 117900 | കെ.കെ.ബാലൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-5 ( 2) | 16875 | താജു.പി.എ ,അസി സെക്രട്ടറി |
| 3-5(3) | 50000 | കെ.കെ.ബാലൻ,സെക്രട്ടറി |
| ആകെ | 184775 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക – 3-13

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക – 3-8

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശശി മേനോൻ ,കൃഷി ഓഫീസർ | | ഉണ്ണിപറമ്പത്ത് വീട്,തറയത്ത്,എടവിലങ്ങ് |
| ശ്രീദേവി .എ.ആർ,അസി.എൻജിനീയർ | | അരയംപറമ്പിൽ വീട്,കോതപറമ്പ്,കൊടുങ്ങല്ലൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട്/ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 86-87, 87-88 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 21 |
| 1990-91 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 17, 20 |
| 91-92 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 21,23 |
| 92-93, 93-94 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 23(1), 23(2) |
| 1995-96 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 19 |
| 96-97 | എൽ.എഫ്.ടി.12-42/99/12.04.99 | |

| | | |
|---|---|---|
| (ചെലവ്) | | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-842/--/12.04.99 | |
| 98-99 (ചെലവ്) | എൽ.എഫ്.ടി.12-861/2000/04.09.2000 | |
| 99-2000 മുതൽ 2001--02 വരെ | എൽ.എഫ്.ടി.16-1380/03/08.10.03 | |
| 96-97 വരവ് | എൽ.എഫ്.ടി.16-1934/06/08.05.07 /08.08.07 | |
| 97-98 വരവ് | എൽ.എഫ്.ടി.16-1935/06/08.05.07 /07.12.07 | |
| 99-2000 വരവ് ചെലവ് | എൽ.എഫ്.ടി.16-1726/07/26.12.07 /08.05.08 | |
| 2000-01 വരവ് ചെലവ് | എൽ.എഫ്.ടി.16-1725/07/26.12.07 /08.05.08 | |
| 2001-02 വരവ് ചെലവ് | എൽ.എഫ്.ടി.16-1728/07/26.12.07 /08.05.08 | |
| 2002-03 വരവ് ചെലവ് | എൽ.എഫ്.ടി.16-1220/08/26.12.07 /05.09.09 | |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി.16-1221/08/26.12.07 /05.09.09 | |
| 2004-05 വരവ് ചെലവ് | എൽ.എഫ്.ടി.16-265/09/26.12.07 /04.05.10 | |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി.16-1310/09/03.01.2011 | |
| 2006-07 | എൽ.എഫ്.ടി.16-1320/09/12.01.11 | |
| 2007-08 | എൽ.എഫ്.ടി.16-1414/10/01.03.11 | |
| 2008-09 | എൽ.എഫ്.ടി.16-1415/10/14.03.11 | |
| 2009-10 | എൽ.എഫ്.ടി.പി.3-1092/2012/05.10.12 | |
| 2010-11 | എൽ.എഫ്.ടി.പി.3-1093/12/05.10.12 | |
| 2011-12 | എൽ.എഫ്.ടി.പി.3-1107/13/12.02.14 /05.03.14 | |
| 2012-13, 2013-14 | എൽ.എഫ്.ടി.പി.3-1418/2014 /09.01.2015/06.02.2015 | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)1326/15 /16.11.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി3)1885/16 /25.10.16/1.12.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി3) 1298/17/ 7.08.17/26.9.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ